**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **12-09-2023 - ൽ മറുപടിയ്ക്ക്**

**പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളിലും സർവകലാശാലകളിലും ഇന്റേണൽ മാർക്കിന് മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനും അതിന്റെ പേരിൽ കുട്ടികളെ ഭീക്ഷണിപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കോളേജുകളിൽ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ച് യു.ജി.സി.യും ഇന്റേണൽ മാർക്കിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് അതത് യൂണിവേഴ്സിറ്റികളും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് യു.ജി.സി.യുടെ വിദ്യാർത്ഥി പരാതി പരിഹാര സംവിധാന നിയമാവലി 2019 പ്രകാരം രൂപീകൃതമായ വിദ്യാർത്ഥി പരാതി പരിഹാര സമിതികൾ സർവകലാശാലകളിൽ നിലവിലുണ്ട്. കൂടാതെ യു.ജി.സി.യുടെ 2023-ലെ റഗുലേഷൻ പ്രകാരമുള്ള പരാതി പരിഹാര സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എല്ലാ സർവകലാശാലകളും സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള സർവകലാശാലയിലെ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഇന്റേണൽമാർക്ക് നിർണയത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ നിർദേശിച്ചിട്ടുണ്ട്. സർവകലാശാലയിലെ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ നിരീക്ഷണത്തിനായി 3 level കമ്മിറ്റികളുണ്ട്.<br><br>Department level Monitoring Committee<br><br>College level Monitoring Committee<br><br>University level Monitoring Committee<br><br>Department level Committee CA Evaluation വിലയിരുത്തുന്നു. Department level Committee-യിൽ പരിഹരിക്കപ്പെടാത്ത, മാർക്കിനെ കുറിച്ചുള്ള വിദ്യാർത്ഥികളുടെ പരാതി College level Committee പരിഗണിക്കുന്നതാണ്. കൂടാതെ പരാതിയുണ്ടെങ്കിൽ |

| | | | |
|---|---|---|---|
| | | | അവ പരിശോധിക്കാനുള്ള Appellate Committee ആയി University level Committee വർത്തിക്കുന്നു.<br><br>എല്ലാ കോളേജുകളിലും 2019 -ലെ AICTE Redressal of Grievance പ്രകാരം Students Grievance Redressal Committee രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി പരാതികൾ സമർപ്പിക്കാനുള്ള ഓൺലൈൻ പോർട്ടൽ എല്ലാ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ നിലവിലുണ്ട്.<br><br>എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവകലാശാല എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ഇന്റേണൽ മാർക്കിന്റെ മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും വേണ്ടി എല്ലാ വർഷവും അക്കാദമിക് ഓഡിറ്റ് നടത്താറുണ്ട്.<br><br>കണ്ണൂർ സർവകലാശാലക്ക് കീഴിലുള്ള കോളേജുകളിലും പഠനവകുപ്പുകളിലും നടപ്പാക്കിവരുന്ന റെഗുലേഷനുകളിൽ ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കിയിട്ടുണ്ട്. ഇന്റേണൽ മാർക്കിന്റ പേരിൽ വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികൾ സർവകലാശാലാതലത്തിൽ രൂപീകരിച്ച വിദ്യാർത്ഥി പരാതി പരിഹാര സമിതി (USGRC), ബോർഡ് ഫോർ അഡ്ജുഡിക്കേഷൻ ഓഫ് സ്റ്റുഡന്റ്സ് ഗ്രീവൻസ്സ് (BASG) എന്നീ സമിതികൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിവിധ പ്രോഗ്രാമുകളുടെ റെഗുലേഷനുകളിൽ ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള ഹാജർ, അസൈൻമെന്റ്, സെമിനാറുകൾ മുതലായ മാനദണ്ഡങ്ങളും അവയ്ക്ക് ഓരോന്നിനും നൽകേണ്ട മാർക്കുകളും സംബന്ധിച്ച വിവരങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ നൽകുന്ന മാർക്കുകൾ സർവകലാശാല വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് മുന്നോടിയായി അതത് കോളേജുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും മാർക്കുകൾ സംബന്ധിച്ച ആക്ഷേപമുള്ള പക്ഷം കോളേജ് അധികൃതരുമായി ബന്ധപ്പെട്ടു പരിഹരിക്കുന്നതിനുള്ള സമയം അനുവദിക്കുന്നതിന് കോളേജ് തലത്തിലും സർവകലാശാല തലത്തിലും പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടി | (ബി) | വിദ്യാർത്ഥികളുടെ പരാതികൾ പരിഹിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതിനായി സർവകലാശാല സമിതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | 2019-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരം, വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി കോളേജ് തലത്തിൽ സ്റ്റുഡന്റ് ഗ്രീവൻസ് റെഡ്രസൽ സെൽ (SGRC), സർവകലാശാല തലത്തിൽ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസൽ സെൽ (USGRC) നിലവിലുണ്ട്.<br><br>2023-ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് നടപ്പാക്കുന്ന വിഷയം സർവകലാശാലകളുടെ പരിഗണനയിലാണ്.<br><br>2019 ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷന്റെ 3(h)i മുതൽ 3(h)xvi വരെയുള്ള ഖണ്ഡികകളിലും 2023-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷന്റെ 3(f)i മുതൽ 3(f)xviii വരെയുള്ള ഖണ്ഡികകളിലും വിദ്യാർത്ഥികൾക്ക് എന്തൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാമെന്നുള്ളത് നിർണ്ണയിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്ന തിനായി വിവിധ സർവകലാശാലകളിൽ രൂപീകരിച്ചിട്ടുള്ള മറ്റു സമിതികളുടെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോളേജുകളിലും സർവകലാശാല പഠന വിഭാഗങ്ങളിലും വിദ്യാർത്ഥികൾക്കായി പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിദ്യാർത്ഥികൾക്ക് ഏതൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ സമർപ്പിക്കാമെന്നുള്ള വിശദാംശം നൽകുമോ; | (സി) | (ബി)-യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പരാതി പരിഹാര സെൽ എടുക്കുന്ന തീരുമാനങ്ങളിൽ ആക്ഷേപങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് സമർപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ? | (ഡി) | 2019-ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരം കോളേജുതലത്തിൽ സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസ്സൽ സെൽ എടുക്കുന്ന തീരുമാനങ്ങളിൽ ആക്ഷേപങ്ങൾ ഉണ്ടാകുന്നപക്ഷം വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസ്സൽ സെല്ലിനെ (USGRC) സമീപിക്കാവുന്നതാണ്. 2023 -ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസ്സൽ സെല്ലിന്റെ തീരുമാനത്തിൽ ആക്ഷേപമുള്ള പക്ഷം ഓംബുഡ്സ് പേഴ്സൺ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | യു.ജി.സി. മാർഗനിർദ്ദേശപ്രകാരം ഓംബുഡ്സ് പേഴ്സണെ നിയമിക്കുന്നതിനുള്ള നടപടികൾ സർവകലാശാലകളിൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേരള സർവകലാശാല** :-

വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി കേരള സർവകലാശാലയിൽ യു.ജി.സി. ഓൺലൈൻ സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസൽ പോർട്ടൽ പ്രവർത്തിക്കുന്നു.

**എ.പി.ജെ.അബ്ദുൽകലാം സാങ്കേതിക സർവകലാശാല** :-

2019-ലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.) റെഗുലേഷൻസ് പ്രകാരം, വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി കോളേജ് തലത്തിൽ സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസൽ സെൽ (SGRC), സർവകലാശാല തലത്തിൽ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഗ്രീവൻസ് റെഡ്രസൽ സെല്ലും (USGRC) നിലവിലുണ്ട്.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി :-**

വിദ്യാർത്ഥികളുടെ അടിയന്തര പരാതികൾ പരിഗണിക്കുന്നതിനായി വൈസ് ചാൻസലർ, രജിസ്ട്രാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, കോളേജ് പ്രിൻസിപ്പൽമാർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട Mahatma Gandhi University Statutes 1997 Chapter 27 പ്രകാരം രൂപീകരിച്ച Board for Adjudication of Students Grievances എന്ന പരാതി പരിഹാര സമിതിയും നിലവിലുണ്ട്.

**കാലിക്കറ്റ് സർവകലാശാല :-**

വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി, സർവകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട് 1977-ലെ വ്യവസ്ഥകൾക്ക് വിധേയമായി ബഹുമാനപ്പെട്ട വൈസ് ചാൻസലർ ചെയർമാനായി, 13 അംഗങ്ങൾ ഉൾപ്പെട്ട ഒരു വിദ്യാർത്ഥി പരാതി പരിഹാര ബോർഡ്, Board of Adjudication of the Students's Grievances (BASG) വളരെ മികച്ച രീതിയിൽ കാലിക്കറ്റ് സർവകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി രണ്ട് അന്വേഷണ സമിതികളും നിലവിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് നേരിട്ടും ഓൺലൈൻ ആയും ബോർഡിന്റെ പരിഗണനയ്ക്കായി പരാതികൾ സമർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ച ശേഷം ബോർഡ് തീർപ്പുകല്പിക്കുകയും ഹിയറിംഗ് ആവശ്യമാണെന്ന് തോന്നുന്ന പരാതികളിൽ അന്വേഷണ സമിതി ബന്ധപ്പെട്ടവരെ കേൾക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ എടുക്കുന്ന ബോർഡിന്റെ

തീരുമാനങ്ങൾ സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ സർവകലാശാലയിൽ നടപ്പിലാക്കിവരുന്നു.

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല :-**

വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് സർവകലാശാലയിൽ വിവിധ സമിതികൾ നിലവിലുണ്ട്. സർവകലാശാല പരാതി പരിഹാര സെൽ, ഈക്വൽ ഓപ്പർച്യൂണിറ്റി സെൽ, ആന്റി റാഗിംഗ് കമ്മറ്റി, ആന്റി നാർക്കോട്ടിക് സെൽ, ജെൻഡർ ജസ്റ്റിസ് ഫോറം എന്നിവ സർവകലാശാലയിൽ നിലവിലുണ്ട്.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല :-**

യു.ജി.സി.യുടെ വിദ്യാർത്ഥി പരാതി പരിഹാര സംവിധാന നിയമാവലി 2019 സർവകലാശാലയിൽ നടപ്പിലാക്കി വിദ്യാർത്ഥി പരാതി പരിഹാര സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ